31
ജൂലൈ 31 2019
ബുധൻ

മാതൃഭൂമി

# മന്ത്രി ശൈലജ അധികാരം ഫലപ്രദമായി ഉപയോഗിക്കുന്നു -സ്പീക്കർ

പത്തനാപുരം ▸ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർ തങ്ങൾക്ക് ലഭ്യമായ അധികാരം സമൂഹത്തിന് ഗുണപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് ഉത്തമ ഉദാഹരണമാണ് മന്ത്രി കെ.കെ.ശൈലജയെന്ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ. ആരോഗ്യമേഖലയിലെ കീഴ്വഴക്കങ്ങളെ മാറ്റിമറിച്ച് ജനങ്ങൾക്കൊപ്പം നിൽക്കുകയെന്ന ദൗത്യമാണ് അവർ നിറവേറ്റിക്കൊണ്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

പത്തനാപുരം ഗാന്ധിഭവനിൽ മന്ത്രി കെ.കെ.ശൈലജയ്ക്ക് കമാലുദ്ദീൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ആതുരസേവാരത്നം അവാർഡ് സമ്മാനിക്കുകയായിരുന്നു സ്പീക്കർ.

സംസ്ഥാനത്തെ ആരോഗ്യരംഗത്തുണ്ടായ മാറ്റം വളരെ വലുതാണ്. പാവപ്പെട്ടവരുടെ ആരോഗ്യസംരക്ഷണത്തിന് ആശുപത്രികളും മരുന്നുമുണ്ടെന്ന് ഇന്ന് ആരും ആരെയും ബോധ്യപ്പെടുത്തേണ്ട ആവശ്യമില്ല. ആരോഗ്യമേഖലയിൽ കേരളം ഇന്ത്യക്കും ലോകത്തിനുതന്നെയും മാതൃകയായിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

നിപ പോലുള്ള മാരകരോഗങ്ങളെ പ്രതിരോധിക്കാൻ സംസ്ഥാന ആരോഗ്യവകുപ്പ് സർവസജ്ജമാണെന്ന് പുരസ്കാരം സ്വീകരിച്ച് മന്ത്രി കെ.കെ.ശൈലജ പറഞ്ഞു.

നിപ വൈറസ് കേരളത്തിൽ ആദ്യം എത്തുമ്പോൾ എല്ലാവർക്കും വലിയ ആശങ്കയായിരുന്നു. പക്ഷേ അതിനെ ധീരമായി നേരിടാൻ അന്ന് കേരളത്തിന് കഴിഞ്ഞു. അടുത്തിടെ എറണാകുളത്ത് നിപ വൈറസ് വീണ്ടുമെത്തിയപ്പോൾ ജനങ്ങൾക്ക് ആശങ്കയുണ്ടായതുമില്ല. വളരെപ്പെട്ടെന്ന് അതിനെ പ്രതിരോധിക്കാൻ ആരോഗ്യവകുപ്പിന് കഴിഞ്ഞു -മന്ത്രി പറഞ്ഞു.

കെ.ബി.ഗണേഷ്കുമാർ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ, വനിതാ കമ്മിഷൻ അംഗം ഡോ. ഷാഹിദാ കമാൽ, ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്.വേണുഗോപാൽ, കെ.പി.സജിനാഥ്, എസ്.സജീഷ്, എച്ച്.നജീബ് മുഹമ്മദ്, കെ.ധർമരാജൻ പുനലൂർ എന്നിവർ പ്രസംഗിച്ചു.



ഗാന്ധിഭവനിൽ കമാലുദ്ദീൻ ഫൗണ്ടേഷന്റെ ആതുരസേവാരത്നം അവാർഡ് മന്ത്രി കെ.കെ.ശൈലജയ്ക്ക് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ സമ്മാനിക്കുന്നു

---

31
ജൂലൈ 31 2019
ബുധൻ

കേരളകൗമുദി
SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

# മന്ത്രി ശൈലജ കീഴ് വഴക്കങ്ങൾ മറികടന്ന് ജനസേവനം നടത്തി: സ്പീക്കർ

പത്തനാപുരം: പരമ്പരാഗതമായ ശൈലികളെയും കീഴ്വഴക്കങ്ങളെയും തട്ടിത്തെറിപ്പിച്ച് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും അവർക്കൊപ്പം നിൽക്കുകയും ചെയ്യുന്ന മന്ത്രിയാണ് കെ.കെ. ശൈലജയെന്ന് നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. കമാലുദ്ദീൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ആതുരസേവാരത്നം അവാർഡ് കെ.കെ. ശൈലജയ്ക്ക് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വനിതാകമ്മിഷൻ അംഗം ഷാഹിദാ കമാലിന്റെ ഭർത്താവും ജീവകാരുണ്യപ്രവർത്തകനുമായിരുന്ന കമാലുദ്ദീന്റെ പേരിൽ ഏർപ്പെടുത്തിയതാണ് ഈ അവാർഡ്. നിപാ വൈറസ്പോലെയുള്ള മാരകരോഗങ്ങളെ നേരിടാൻ ആരോഗ്യവകുപ്പ് സജ്ജമാണെന്നും ഗ്രാമങ്ങളിലെ ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ നൽകുവാൻ പര്യാപ്തമായ രീതിയിൽ ആതുരാലയങ്ങൾ ഒരുങ്ങിയെന്നും അവാർഡ് സ്വീകരിച്ചുകൊണ്ട് ആരോഗ്യമന്ത്രി ശൈലജ പറഞ്ഞു.



പത്തനാപുരം ഗാന്ധിഭവനിൽ നടന്ന ചടങ്ങിൽ ആതുരസേവാരത്നം അവാർഡ് മന്ത്രി കെ. കെ. ശൈലജ സ്പീക്കർ പി. ശ്രീരാമകൃഷ്ണനിൽ നിന്ന് ഏറ്റുവാങ്ങുന്നു

പത്തനാപുരം ഗാന്ധിഭവനിലായിരുന്ന ചടങ്ങ്. കെ.ബി. ഗണേശ്കുമാർ എം.എൽ.എ. അദ്ധ്യക്ഷനായ ചടങ്ങിൽ ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ, വനിതാകമ്മിഷൻ അംഗം ഡോ. ഷാഹിദ് കമാൽ, കൊല്ലം ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് അഡ്വ. എസ്. വേണുഗോപാൽ, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ അഡ്വ. കെ.പി. സജിനാഥ്, ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് എസ്. സജീഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച് നജീബ് മുഹമ്മദ്, സാമൂഹ്യപ്രവർത്തകൻ കെ. ധർമ്മരാജൻ പുനലൂർ എന്നിവർ പ്രസംഗിച്ചു.